ഇനി 6 നാൾ

ജനനേതാക്കളുടെ ലോകകപ്പ് സ്വപ്നം

ഇഷ്ട ടീം അർജന്റീന; സാധ്യത ഇംഗ്ലണ്ടിന്

പി.കെ. സുബൈർ
(മുസ്ലിംയൂത്ത് ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട്)

ഇഷ്ട ടീം അർജന്റീനയാണ്. എന്നാൽ ഇത്തവണ കപ്പുയർത്താൻ സാധ്യത ഇംഗ്ലണ്ടാണ്. വലിയ മൽസരങ്ങളിൽ സമ്മർദങ്ങളെ അതിജീവിക്കാനുള്ള കരുത്തില്ലാത്തതാണ് അർജന്റീനയുടെ പ്രശ്നം. ഇംഗ്ലണ്ടിന്റെ ഹാരികെയ്നാണ് ഇഷ്ട താരം. എല്ലാ പൊസിഷനിലും മികച്ച കളിക്കാരുണ്ടെന്നതാണ് ഇംഗ്ലീഷ് ടീമിന്റെ കരുത്ത്. (രാഷ്ട്രീയത്തിൽ ഇത്രമാത്രം സജീവമാകുന്നതിന് മുന്നെ ഫുട്ബോൾ കളിക്കാരനായിരുന്നു സുബൈർ. ഞാറ്റുവയൽ സ്പോർട്സ് ടീമിനായി കൂവോടും, ധർമ്മശാലയിലുമൊക്കെ കളിച്ചിട്ടുണ്ട്).

അർജന്റീന അല്ലെങ്കിൽ പിന്നെയാര്

പി. മുകുന്ദൻ
(സി.പി.എം തളിപ്പറമ്പ് ഏരിയാ സെക്രട്ടറി)



ഇത്തവണ ലോകകപ്പ് നേടാൻ ഏറ്റവും സാധ്യതയുള്ള ടീം അർജന്റീന തന്നെ. യോഗ്യത റൗണ്ടിൽ കിതച്ചാണ് റഷ്യൻ ലോകകപ്പിന് അർജന്റീന എത്തുന്നതെങ്കിലും സമ്മർദങ്ങളെ അതിജീവിക്കാൻ കരുത്തുള്ള ടീമാണ്. പ്രതിഭാധനരായ കളിക്കാരും നിരവധിയാണ്. അതാണ് അർജന്റീനയുടെ സാധ്യതകൾ വർധിപ്പിക്കുന്നത്. ഇഷ്ടതാരം മെസി തന്നെയാണ്.

ഒരുപിടി മുന്നിൽ ബ്രസീൽ

കല്ലിങ്കീൽ പത്മനാഭൻ
(ഡി.സി.സി മെമ്പർ)

ബ്രസീലും അർജന്റീനയുമാണ് ഇഷ്ട ടീമുകൾ. എങ്കിലും ഒരു പിടി മുന്നിൽ ബ്രസീലാണ്. അതിനാൽ ഇത്തവണ ബ്രസീലിനാണ് സാധ്യത കൽപ്പിക്കുന്നത്. ബ്രസീൽ അതിന്റെ പഴയ കേളിയഴക് തിരിച്ചു പിടിച്ചിട്ടുണ്ട്. എല്ലാ പൊസിഷനിലും മികച്ച കളിക്കാരുമുണ്ട്. ബ്രസീലിനാണ് സാധ്യതയെങ്കിലും അർജന്റീനയുടെ മെസിയാണ് ഇഷ്ടതാരം. ഇത്തവണയും എല്ലാ മൽസരങ്ങളും കാണും.

ആശങ്കയുണ്ട്, എങ്കിലും ബ്രസീലിനൊപ്പം

എ.പി. ഗംഗാധരൻ
(ബി.ജെ.പി കോഴിക്കോട് മേഖല വൈസ് പ്രസിഡണ്ട്)

എക്കാലത്തെയും എന്ന പോലെ ഇത്തവണയും മനസ് ബ്രസീലിനൊപ്പമാണ്. ബ്രസീൽ കപ്പ് നേടണമെന്നാണ് ആഗ്രഹം. മികച്ച ടീം ബ്രസീൽ തന്നെയാണെങ്കിലും അൽപ്പം ആശങ്കയുണ്ട്. മികച്ച ഫോമിലായിരിക്കുമ്പോൾ തന്നെ തോൽവി വഴങ്ങുന്ന ചില തകരാർ ബ്രസീൽ ടീമിനുണ്ട്. ക്രൊയേഷ്യയുമായുള്ള സൗഹാർദ മൽസരം കണ്ടിരുന്നു. ബ്രസീൽ വിജയിച്ചെങ്കിലും അത്ര ആഹ്ലാദം നൽകിയില്ല. നെയ്മർ തന്നെയാണ് ഇഷ്ടതാരം.

ഡി.വൈ.എഫ്.ഐ ബ്ലോക്ക് സമ്മേളനത്തിന്റെ സംഘാടക സമിതി യോഗം സി. പി. എം. ജില്ലാ സെക്രട്ടേറിയറ്റംഗം പി.വി ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു.

ഡി.വൈ.എഫ്.ഐ. ബ്ലോക്ക് സമ്മേളനം: സംഘാടക സമിതിയായി

ശ്രീകണ്ഠപുരം: ഡി.വൈ.എഫ്.ഐ. ശ്രീകണ്ഠപുരം ബ്ലോക്ക് സമ്മേളനം ജൂലൈ ആറ് മുതൽ എട്ട് വരെ വളക്കൈയിൽ നടക്കും. സംഘാടക സമിതി രൂപവത്കരണ യോഗം സി.പി.എം. ജില്ല സെക്രട്ടേറിയറ്റംഗം പി.വി. ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പ്രസിഡണ്ട് റോബർട്ട് ജോർജ്ജ് അധ്യക്ഷത വഹിച്ചു. വി.പി. മോഹനൻ, കെ.കെ. രഘുനാഥൻ, കെ.കെ. രത്നകുമാരി, ബ്ലോക്ക് സെക്രട്ടറി പി. ഷിനോജ്, കെ. മധു സംസാരിച്ചു. ഭാരവാഹികളായി വി.പി. മോഹനൻ (ചെയ.),കെ. മധു (കൺ.) എന്നിവരെ തിരഞ്ഞെടുത്തു.

ബ്യൂട്ടി പാർലർ മാനേജ്മെന്റ് സൗജന്യ പരിശീലനം

കണ്ണൂർ: റുഡ്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ബ്യൂട്ടി പാർലർ മാനേജ്മെന്റ് സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. ജൂൺ അവസാന വാരം ആരംഭിക്കുന്ന ഒരുമാസത്തെ പരിശീലന പരിപാടിയിൽ ഭക്ഷണവും സൗജന്യ താമസ സൗകര്യവും ലഭിക്കും. പങ്കെടുക്കാൻ താൽപ്പര്യമുള്ള കണ്ണൂർ, കാസർക്കോട്, വയനാട്, മാഹി ജില്ലകളിലെ 18നും 45നും ഇടയിൽ പ്രായമുള്ള യുവതികൾ പേര്, വയസ്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തി ഡയറക്ടർ, റുഡ്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പി.ഒ. കാഞ്ഞിരങ്ങാട്,കരിമ്പം (വഴി), കണ്ണൂർ 670142 എന്ന വിലാസത്തിൽ 17ന് മുമ്പായി അപേക്ഷിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കും താമസിച്ചു പഠിക്കാൻ താൽപ്പര്യപ്പെടുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും. ഇന്റർവ്യൂ 22ന്. ഓൺലൈനായി അപേക്ഷിക്കാൻ സന്ദർശിക്കുക. www.rudset.com കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. ഫോൺ: 04602226573, 8129620530.

ബാഗും കുടയും വിതരണം ചെയ്തു

കടമ്പേരി: കരുണ ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കടമ്പേരി ഗവ. യു.പി സ്കൂളിൽ ഒന്നാം ക്ലാസിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുള്ള സൗജന്യ ബാഗും കുടയും തളിപ്പറമ്പ സി.ഐ കെ.ജെ. ബിനോയ് വിതരണം ചെയ്തു. എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികളെ സൊസൈറ്റിയുടെ തളിപ്പറമ്പ ഏരിയാ കമ്മിറ്റി രക്ഷാധികാരി പി. മുകുന്ദനും അംഗൻവാടി കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ അയ്യങ്കോൽ അംഗൻവാടിയിലെ കുട്ടികളെ കെ.പി.എം റിയാസുദീൻ അനുമോദിച്ചു. സൊസൈറ്റി ട്രഷറർ പി.പി. അജീർ അധ്യക്ഷത വഹിച്ചു. സി. അശോക് കുമാർ, വി. പുരുഷോത്തമൻ, ശശികുമാർ, പി. രാജീവൻ, കാനായി രാജൻ, രാജേഷ് മാസ്റ്റർ, വി.വി രമേശൻ, കെ.വി. വിനോദ്, ഇ.വി. ഭാസ്കരൻ സംസാരിച്ചു. പി.പി. അബ്ദുൾ നാസർ സ്വാഗതവും കെ.വി. മുഹമ്മദ് അഷ്റഫ് നന്ദിയും പറഞ്ഞു.

നിങ്ങളുടെ കുട്ടികൾ സുരക്ഷിതരാണോ...? ടെലിഫിലിം ആദ്യ പ്രദർശനം ഒമ്പതിന്

കണ്ണൂർ: മുൻ കണ്ണൂർ എസ്.പിയും കെ.എ.പി ബറ്റാലിയൻ കമാൻഡന്റുമായ സഞ്ജയ് കുമാർ ഗുരുഡിൻ രചിച്ച 'നിങ്ങളുടെ കുട്ടികൾ സുരക്ഷിതരാണോ...?' ടെലിഫിലും ആദ്യ പ്രദർശനം ഒമ്പതിന് നടക്കും. റിജു കമ്പിൽ സംവിധാനവും അഷ്റഫ് പിലാത്തറ തിരക്കഥയും സംഭാഷണവും നിർവഹിക്കുന്നു. ക്യാമറ: വിജേഷ് കുട്ടിപ്പറമ്പിൽ, ബിന്ദു അഗസ്റ്റിൻ നെല്ലംകുഴിയിൽ, നാദം മുരളി, നീരജ അനൂപ് എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. അനശ്വര മുരളി, കെ.എ.പി. അസിസ്റ്റന്റ് കമാണ്ടന്റ് സുധീർകുമാർ, എൻ.വി. അഗസ്റ്റിൻ, സോമരാജൻ, രാധകൃഷ്ണൻ കാവുമ്പായി, അനൂപ്, നാദം മുരളി, അലി മാസ്റ്റർ, ആഷിഫ് പ്രധാന വേഷത്തിൽ എത്തുന്നു.

ഇന്റർനെറ്റിന്റെ ദുരുപയോഗങ്ങളും ഓൺലൈൻ സൗഹൃദങ്ങളുടെ ചതിക്കുഴികളും കുട്ടികളിൽ വർധിച്ചുവരുന്ന മൊബൈൽ ഗെയിം ആസക്തികൾ വരുത്തിവെക്കുന്ന അപകടങ്ങളുമാണ് ടെലിഫിലിമിന്റെ പ്രമേയം.

ഒമ്പതിന് ഏഴ് മണിക്ക് കെ.എ.പി നാലാം ബറ്റാലിയനിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ആദ്യ പ്രദർശനം ഉദ്ഘാടനം ചെയ്യും. കലക്ടർ മീർ മുഹമ്മദലി മുഖ്യാതിഥിയും എസ്.പി. ശിവവിക്രം പ്രത്യേക ക്ഷണിതാവുമായിരിക്കും.

ജനശ്രീ ഉദയഗിരി മണ്ഡലം കൺവെൻഷൻ അഡ്വ. പി.സുനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

ഉന്നത വിജയികളെ അനുമോദിച്ചു

ആലക്കോട്: എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികളെ കുണ്ടേരിയിൽ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അനുമോദിച്ചു. വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണവും നടന്നു. സുരേന്ദ്രൻ പോത്തേര അധ്യക്ഷത വഹിച്ചു. ആലയിൽ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ശ്രീധരൻ അവിടത്ത്, ശ്രീനി പ്രസംഗിച്ചു. പ്രഭീഷ് പള്ളത്ത് സ്വാഗതവും ഐശ്വര്യ ശ്രീധരൻ നന്ദിയും പറഞ്ഞു.

ജനശ്രീ കൺവെൻഷൻ

കാർത്തികപുരം: ജനശ്രീ ഉദയഗിരി മണ്ഡലം കൺവെൻഷൻ ബ്ലോക്ക് ചെയർമാൻ അഡ്വ. പി. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു. ജോജോ ആനക്കല്ലിൽ അധ്യക്ഷത വഹിച്ചു. ബേബി മുണ്ടക്കൽ, ഷൈലജ നാരകത്തിനാൽ, തോമസ് ചാവനാലിൽ, സോജി വെൺമേലിൽ, സെബാസ്റ്റ്യൻ വാഴയ്ക്കപ്പാറ പ്രസംഗിച്ചു.

തൊഴിൽ പരിശീലനം

തളിപ്പറമ്പ്: ഭിന്നശേഷിക്കാരായ യുവാക്കൾക്ക് രാജരാജേശ്വര ക്ഷേത്രത്തിന് സമീപം റെഡ്സ്റ്റാർ വായനശാല ആന്റ് ഗ്രന്ഥാലയത്തിൽ സ്വാശ്രയ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച തൊഴിൽ പരിശീലന കേന്ദ്രത്തിൽ അഡ്മിഷൻ തുടരുന്നു. പ്രവർത്തി സമയം 10 മണി മുതൽ 3 മണി വരെ. വിവരങ്ങൾക്ക് 9496958946 എന്ന നമ്പറിൽ ബന്ധപ്പെടുക.

മൂന്നാംകുന്ന് വിഷ്ണുമായ അക്ഷയശ്രീ സ്വാശ്രയസംഘം ആഭിമുഖ്യത്തിൽ നടന്ന വൃക്ഷത്തൈ വിതരണം

അനുമോദനവും പഠനോപകരണ വിതരണവും

പറശിനിക്കടവ്: കിസാൻ വായനശാല ആന്റ് ഗ്രന്ഥാലയത്തിന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിലെ ഉന്നത വിജയികളെ അനുമോദിച്ചു. ഡോ. പി.ടി. ലക്ഷ്മണൻ (മമ്പാല) ഉപഹാരങ്ങൾ വിതരണം ചെയ്തു. പി.പി. പ്രദീപൻ അധ്യക്ഷത വഹിച്ചു. കോടല്ലൂർ ഗവ. എൽ.പി സ്കൂളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ പി.ടി.എ പ്രസിഡണ്ട് എം.വി. മനോജ് വിതരണം ചെയ്തു. ആത്തൂർ നഗരസഭാ കൗൺസിലർമാരായ കെ.കെ. കുഞ്ഞമ്പുമാസ്റ്റർ, പി. കെ. മുഹമ്മദ് കുഞ്ഞി, സി.പി.എം കോടല്ലൂർ ലോക്കൽ സെക്രട്ടറി കെ.പി. മോഹനൻ സംസാരിച്ചു. എ. സഹദേവൻ നന്ദി പറഞ്ഞു.

കൂൺകൃഷി പരിശീലന ക്ലാസ്

കണ്ണൂർ: മഷ്റൂം ഗ്രോവേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഒമ്പതിന് രാവിലെ പത്ത് മണി മുതൽ കണ്ണൂർ റെയിൻബോ ടൂറിസ്റ്റ് ഹോമിൽ കൂൺ കൃഷി പരിശീലന ക്ലാസ് നടത്തുന്നു. മുൻകൂട്ടി പേർ രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് പ്രവേശനം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9809279473, 9349491001 എന്നീ നമ്പറുകളിൽ പേർ രജിസ്റ്റർ ചെയ്യണം.

ഉന്നത വിദ്യാഭ്യാസ, തൊഴിലധിഷ്ഠിത കോഴ്സുകളുമായി ബ്രൈറ്റ് കോളേജ്

തളിപ്പറമ്പ: ചുരുങ്ങിയ കാലം കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്തെ ശ്രദ്ധേയ സ്ഥാപനമായി മാറിയ തളിപ്പറമ്പ് ബ്രൈറ്റ് കോളേജിൽ ബി.കോം, ബി.എ, പ്ലസ്വൺ, പ്ലസ്ടു, ഗവ. അംഗീകൃത പ്രീ പ്രൈമറി ആന്റ് മോണ്ടിസോറി ടീച്ചേഴ്സ് ട്രെയിനിംഗ് തുടങ്ങിയ കോഴ്സുകൾക്ക് അഡ്മിഷൻ തുടരുന്നതായി പ്രിൻസിപ്പാൾ അറിയിച്ചു. 14 വയസ് തികഞ്ഞവർക്ക് എസ്.എസ്.എൽ.സി, ആറ് മാസം കൊണ്ട് പ്ലസ്ടു കോഴ്സുകൾക്കും അഡ്മിഷൻ ലഭ്യമാണ്. അഡ്മിഷനും വിശദ വിവരങ്ങൾക്കും 9446262698, 9400446813, 8301962329 ഫോൺ നമ്പറുകളിൽ ബന്ധപ്പെടണം. എല്ലാ ക്ലാസുകളിലേക്കുമുള്ള ട്യൂഷനും ലഭ്യമാണ്.

കരുണ ചാരിറ്റബിൾ സൊസൈറ്റിയുടെ അനുമോദന ചടങ്ങ് സി.ഐ ബിനോയി ഉദ്ഘാടനം ചെയ്യുന്നു

റോഡരികിലെ കാടുകൾ വെട്ടിത്തെളിച്ചു

ആലക്കോട്: മൂന്നാംകുന്ന് വിഷ്ണുമായ അക്ഷയശ്രീ സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ രയരോം-പ്രാപ്പൊയിൽ റോഡരികിലെ കാടുകൾ വെട്ടിത്തെളിച്ചു. സവിത ബാബു, ലിജിന ഷാജി നേതൃത്വം നൽകി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ഒരു വീട്ടിൽ ഒരു മരം പദ്ധതി പ്രകാരം വൃക്ഷത്തൈ വിതരണവും നടന്നു.

അഖില കേരള വിശ്വകർമ്മ മഹാസഭ കാർത്തികപുരം ശാഖ സംഘടിപ്പിച്ച ഉന്നത വിജയികൾക്കുള്ള അനുമോദന സമ്മേളനം ഡി.വൈ.എസ്.പി വി.കെ.പ്രഭാകരൻ ഉദ്ഘാടനം ചെയ്യുന്നു

നവഭാവനാ വായനശാലക്ക് വേണ്ടി നിർമ്മിച്ച ഇ.എം.എസ്. മന്ദിരം സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു.

ഇ.എം.എസ്. മന്ദിരം ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: ചവനപ്പുഴ മീത്തൽ നവഭാവനാ വായനശാലക്ക് വേണ്ടി പുതുതായി നിർമ്മിച്ച ഇ.എം.എസ്. മന്ദിരം സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജൻ ഉദ്ഘാടനം ചെയ്തു. സി.പി.എം ഏരിയാ സെക്രട്ടറി പി. മുകുന്ദൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് ഐ.വി. നാരായണൻ, ചവനപ്പുഴ മീത്തൽ യുവജനങ്ങൾ സംഭാവന നൽകിയ ടി.വി ഏറ്റുവാങ്ങി. സി.പി.എം ഏരിയാ കമ്മിറ്റി അംഗം കെ. കൃഷ്ണൻ ഇ.എം.എസിന്റെ ഫോട്ടോ അനാഛാദനം നടത്തി. പാറ ലക്ഷ്മണൻ, ഷീബ, കെ. നാരായണൻ, പി. മാധവൻ, സി. ബാലകൃഷ്ണൻ, ടി. പ്രകാശൻ, വി.വി. ചന്ദ്രമതി സംസാരിച്ചു. ടി. മോഹനൻ സ്വാഗതവും പി.പി. രാജീവൻ നന്ദിയും പറഞ്ഞു.

വിജയികളെ അനുമോദിക്കും

ശ്രീകണ്ഠപുരം: നിടിയേങ്ങ നവോദയ ലൈബ്രറി ആന്റ് റീഡിംഗ് റൂമിന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, എൽ.എസ്.എസ്, വി.എസ്.എസ് വിജയികളെ അനുമോദിക്കും. വായനാശാല ഹാളിൽ എട്ടിന് വൈകുന്നേരം നാല് മണിക്കാണ് പരിപാടി. ശ്രീകണ്ഠപുരം നഗരസഭ ചെയർമാൻ പി.പി. രാഘവൻ ഉദ്ഘാടനവും ഉപഹാര സമർപ്പണവും നടത്തും. ടി. ഒ. സുധ അധ്യക്ഷത വഹിക്കും. കൗൺസിലർ വി. ഷിജിത്ത്, പി. ജനാർദനൻ, സി.കെ. ബാലകൃഷ്ണൻ, എ. രജനി സംസാരിക്കും. വി.വി. ഷാജി സ്വാഗതവും ഇ.പി. സദീപ് നന്ദിയും പറയും.

അവാർഡിന് അപേക്ഷ ക്ഷണിച്ചു

കണ്ണൂർ: എസ്.എസ്.എൽ.സി, പ്ലസ് ടു, പരീക്ഷകളിൽ എ പ്ലസ് നേടിയ കണ്ണൂർ മാഹി മേഖലയിലെ പെട്രോൾ പമ്പ്, ഗ്യാസ് തുടങ്ങിയ സ്ഥാപനങ്ങളിലെ ലോറികളിൽ ജോലി ചെയ്യുന്ന ഫ്യൂവൽ എംപ്ലോയീസ് യൂണിയനിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളെ ആദരിക്കും. സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രണ്ട് ഫോട്ടോ അടക്കമുള്ള അപേക്ഷ ജൂലൈ ഒന്നിന് മുമ്പ് സി.കണ്ണൻ സ്മാരക മന്ദിരം സി.ഐ.ടിയു ജില്ലാ കമ്മിറ്റി ഓഫീസിൽ എത്തിക്കണം. അപേക്ഷ ഫോറം ഏരിയ കമ്മിറ്റി സെക്രട്ടറിമാരുടെ കൈവശവമോ സി.ഐ.ടിയു ജില്ലാ കമ്മിറ്റി ഓഫീസിലോ എത്തിക്കണം.

ബസുകൾ ഞായറാഴ്ച ട്രിപ്പ് മുടക്കുന്നതായി പരാതി

ആലക്കോട്: സ്വകാര്യ ബസുകൾ ഞായറാഴ്ച കൂട്ടത്തോടെ ട്രിപ്പ് മുടക്കുന്നത് യാത്രക്കാർക്ക് ദുരിതമാകുന്നു. തേർത്തല്ലി-എരുവാട്ടി- വിമലശേരി- തളിപ്പറമ്പ റൂട്ടിലെ ബസുകളാണ് ഞായറാഴ്ച സർവ്വീസ് മുടക്കുന്നത്. സമീപകാലത്തായി മിക്ക ഞായറാഴ്ചകളിലും ട്രിപ്പ് മുടക്കൽ പതിവായി മാറിയിരിക്കുകയാണെന്നാണ് നാട്ടുകാരുടെ പരാതി.

യാത്രക്കാർ കുറവായതും റോഡിന്റെ ശോചനീയാവസ്ഥ കാരണവുമാണത്രെ ബസുകൾ സർവ്വീസ് മുടക്കുന്നത്. കടുത്ത യാത്രാദുരിതമാണ് ഇതേ തുടർന്ന് എരുവാട്ടി, വിമലശേരി മേഖലയിൽ ഉടലെടുത്തിരിക്കുന്നത്. ഞായറാഴ്ചകളിലെ ട്രിപ്പ് മുടക്കൽ അവസാനിപ്പിക്കണമെന്ന് യാത്രക്കാർ ആവശ്യപ്പെട്ടു.

ഉന്നത വിജയികളെ വിശ്വകർമ്മ മഹാസഭ അനുമോദിച്ചു

കാർത്തികപുരം: എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിശ്വകർമ്മ സമുദായ അംഗങ്ങളായ വിദ്യാർത്ഥികളെ അഖില കേരള വിശ്വകർമ്മ മഹാസഭ കാർത്തികപുരം ശാഖ ആഭിമുഖ്യത്തിൽ ഉപഹാരം നൽകി അനുമോദിച്ചു. ശാഖാ പ്രസിഡണ്ട് പി.കെ.പൊന്നപ്പന്റെ അധ്യക്ഷതയിൽ കാസർക്കോട് ഡി.വൈ.എസ്.പി വി.കെ.പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. വി.ബി.രമ, വി.ബി.രാജേഷ് പ്രസംഗിച്ചു. സി.സി.മനു സ്വാഗതം പറഞ്ഞു.

അനുമോദനവും ഇഫ്താർ സംഗമവും ഇന്ന്

തളിപ്പറമ്പ: ചവനപ്പുഴ ഹയാത്തുൽ ഇസ്ലാം മദ്രസയിൽ ഈവർഷത്തെ പൊതുപരീക്ഷയിൽ ചൊറുക്കള റെയിഞ്ചിൽ നിന്ന് അഞ്ചാംക്ലാസിൽ ഒന്നാംറാങ്ക് നേടിയ ടി.കെ. ഫാത്തിമത്തുൽ മുഫീദ, ഏഴാംക്ലാസിൽ ഒന്നാം റാങ്ക് നേടിയ റഷ്ന ജബിൻ, രണ്ടാം റാങ്ക് നേടിയ പി. സഫ എന്നിവർക്കുള്ള അനുമോദനവും ഇഫ്താർ സംഗമവും ഇന്ന് വൈകീട്ട് അഞ്ച് മണിക്ക് ചവനപ്പുഴ മദ്രസയിൽ നടക്കും. പ്രസിഡണ്ട് എൻ.പി. സിദിഖ് അധ്യക്ഷത വഹിക്കും. ആർ.പി. റഷീദ്, ഇബ്നുആദം, ശഹീറുദീൻ അസ്അദി, സുബൈർ മൗലവി അരിയിൽ, സി.കെ. മുഹമ്മദ് മൗലവി, പി. ഇബ്രാഹിം പങ്കെടുക്കും. ചൊർക്കള റെയിഞ്ചിൽ നിന്ന് രണ്ടാംതവണയാണ് ചവനപ്പുഴ മദ്രസക്ക് ഈ അംഗീകാരം ലഭിക്കുന്നത്.

തലശേരി അതിരൂപത പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും തളിപ്പറമ്പിൽ

തളിപ്പറമ്പ: തലശേരി അതിരൂപത ചെറുപുഷ്പ മിഷൻ ലീഗ്-തിരുബാലസഖ്യം പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും 9ന് തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ നടക്കും. ബേബി പ്ലാശേരിയുടെ അധ്യക്ഷതയിൽ ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്യും. മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ കുട്ടികൾക്ക് പോണാട്ട് ജോസഫ്-ഏലിക്കുട്ടി മെമ്മോറിയൽ എക്സലൻസ് അവാർഡും കയ്യെഴുത്ത് മാസിക വിജയികൾക്കുള്ള സമ്മാനദാനവും പച്ചക്കറി വിത്തുകളും വിതരണം ചെയ്യും. തളിപ്പറമ്പ ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട്, ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്, അതിരൂപത സെക്രട്ടറി സുനിൽ കല്ലിടുക്കിൽ സംസാരിക്കും.

എഫ്.എസ്.ഇ.ടി.ഒ തളിപ്പറമ്പിൽ നടത്തിയ സായാഹ്ന ധർണ്ണ സി.ഐ.ടി.യു ഏരിയാ സെക്രട്ടറി കെ. കരുണാകരൻ ഉദ്ഘാടനം ചെയ്യുന്നു

എഫ്.എസ്.ഇ.ടി.ഒ ധർണ്ണ നടത്തി

തളിപ്പറമ്പ: ഇന്ധന വിലവർധനവിൽ പ്രതിഷേധിച്ച് എഫ്.എസ്.ഇ.ടി.ഒ തളിപ്പറമ്പ താലൂക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ സായാഹ്ന ധർണ്ണ സംഘടിപ്പിച്ചു. സി.ഐ.ടി.യു ഏരിയാ സെക്രട്ടറി കെ.കരുണാകരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി എം. വി.രാമചന്ദ്രൻ, ഒ.പി.രാധാകൃഷ്ണൻ സംസാരിച്ചു. രാമകൃഷ്ണൻ മാവില അധ്യക്ഷത വഹിച്ചു. ഇ.കെ.വിനോദൻ സ്വാഗതവും എസ്. പി.രമേശൻ നന്ദിയും പറഞ്ഞു.

അറിയിപ്പ്

നടുവിൽ: എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയ നടുവിൽ സർവീസ് സഹകരണ ബാങ്കിലെ മെമ്പർമാരുടെ മക്കൾക്ക് ഉപഹാരം നൽകും. അർഹരായ കുട്ടികൾ അറ്റസ്റ്റ് ചെയ്ത മാർക്ക് ലിസ്റ്റിന്റെ കോപ്പി, ഫോൺ നമ്പർ, രക്ഷിതാവിന്റെ മെമ്പർ നമ്പർ, പേര്, ഫോട്ടോ എന്നിവ സഹിതമുള്ള അപേക്ഷ ഹെഡ് ഓഫീസിലോ, ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസിലോ 15ന് മുമ്പായി സമർപ്പിക്കണമെന്ന് ബാങ്ക് സെക്രട്ടറി അറിയിച്ചു.

ക്വട്ടേഷൻ ക്ഷണിക്കുന്നു

ആലക്കോട് വനിതാ സർവ്വീസ് സഹകരണ സംഘം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ആവശ്യമായ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ മൽസരാധിഷ്ഠിത ക്വട്ടേഷനുകൾ അംഗീകൃത ഏജൻസികളിൽ നിന്നും ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി 15 - 6 - 2018

സെക്രട്ടറി
ആലക്കോട് വനിതാ സർവ്വീസ് സഹകരണ സംഘം